ങ്ങളിൽ മിക്കവയും എന്റെ അഭ്യർത്ഥനയനുസരിച്ച് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതിനായി അദ്ദേഹം എഴുതിയവയാണ്. പൂർണ്ണതയിലുള്ള നിഷ്ഠർഷ നിമിത്തം, അദ്ദേഹത്തിൽനിന്ന് ഒരു ലേഖനം ലഭിക്കാൻ നിരന്തരമായ പ്രേരണ എനിക്ക് മിക്കപ്പോഴും ചെലുത്തേണ്ടി വന്നിട്ടുണ്ട്. എന്നാലെന്താണ്? അവ പ്രസിദ്ധീകരിക്കാൻ സാധിച്ച എന്നതു് എന്റെ പത്രപ്രവർത്തനജീവിതത്തെ സാർത്ഥകമാക്കുന്നു.

വി.ടി. യുടെ അടുത്ത സുഹൃത്തുക്കളിലും ബന്ധുക്കളിലും പലരും എന്റെ കുടുംബസുഹൃത്തുക്കളാണ്. പക്വതവന്ന ഒരു മൂത്ത സഹോദരനിൽനിന്ന് പ്രതീക്ഷിക്കേണ്ട സ്നേഹവും സദ്ഭാവവും വി.ടി. യിൽനിന്ന് എന്നും എനിക്ക ലഭിച്ചുവന്നിട്ടുണ്ട്. അദ്ദേഹത്തെ കാണുന്നതും അടുത്തിരിക്കുന്നതും, പ്രസന്നവും നർമ്മമധുരവും സ്നേഹസാന്ദ്രവും വിശ്വപ്രേമാനുപ്രാണിതവുമായ അദ്ദേഹത്തിന്റെ സംഭാഷണം കേൾക്കുന്നതും, എല്ലാം ആത്മനിർവൃതികരങ്ങളായ അനുഭവങ്ങളായിരുന്നു.

പ്രിയപ്പെട്ട വി. ടി. താങ്കൾ ഞങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു. മാത്രമല്ല, സ്വയം കണ്ടെത്താനുള്ള കേരളത്തിന്റെ അന്വേഷണത്തിന്റെ ഒരു ഭാഗംകൂടിയായിരുന്നു.

താങ്കൾക്ക് എന്റെ അന്തിമ പ്രണാമം!

# 94. ആചാര്യ കൃപാലാനി

സ്വയം പ്രകാശമുള്ള നക്ഷത്രങ്ങളേക്കാൾ കൂടുതൽ പ്രകാശം തോന്നിക്കുന്ന ചില ഗ്രഹങ്ങളുണ്ട്. സൂര്യപ്രകാശം പ്രതിഫലിച്ചാണ് ഇവ ഇങ്ങനെ പ്രകാശിക്കുന്നതു്. നമുക്ക കാണാവുന്ന ആകാശവിഭാഗത്തിൽ, സൂര്യനും ചന്ദ്രനും കഴിഞ്ഞാൽ പിന്നെ ഏററവുമധികം പ്രകാശമുള്ളതു് ശുക്രനാണല്ലോ. ശുക്രന്റെ പ്രകാശം അതിനു സ്വതസ്സിദ്ധമല്ലെന്നും, സൂര്യന്റെ പ്രകാശം പ്രതിഫലിപ്പിക്കുക മാത്രമാണ് ആ ഗ്രഹം ചെയ്യുന്നതെന്നും വിശ്വസിക്കുക പ്രയാസമായിരിക്കും. എന്നാൽ, അസംഭവ്യമായതു് ഒരു ദിവസം സംഭവിച്ചുവെന്ന്, സൂര്യൻ പെട്ടെന്നു തണുത്തുറഞ്ഞു പ്രകാശരഹിതമായിത്തീർന്നുവെന്ന്, സങ്കല്പിക്കുക. ശുക്രനും, വ്യാഴവും, ബുധനും, ചന്ദ്രനും എല്ലാം ആ നിമിഷംമുതൽ അദൃശ്യങ്ങളായ തമോഗോളങ്ങളായിത്തീരും.

ഗാന്ധിജി എന്ന സൂര്യന്റെ പ്രകാശം പ്രതിഫലിച്ച് അത്യുജ്ജ്വലതയോടെ തിളങ്ങിയിരുന്ന ഒരു ഗ്രഹമായിരുന്നു, മാർച്ച് 19-ാം തീയതി, തൊണ്ണൂററിനാലാം വയസ്സിൽ, അന്തരിച്ച ആചാര്യ കൃപാലാനി. ഗാന്ധിജിയെ അകമ്പടി സേവിച്ചിരുന്ന ഗ്രഹങ്ങളിൽ, ഒരുപക്ഷേ, ഏററവുമധികം ഔജ്ജ്വല്യം, ഒരു കാലത്തു് കൃപാലാനി പ്രദർശിപ്പിച്ചിരുന്നു. ഇപ്പോൾ പാകിസ്ഥാനിൽപ്പെട്ട സിന്ധിൽ ജനിച്ച്, ബോംബെയിലും പൂണെയിലും വിദ്യാഭ്യാസം നേടി, ബീഹാറിൽ ചരിത്രപ്രൊഫസർ ആയി പ്രവർത്തിച്ചിരുന്ന കൃപാലാനി, ഗാന്ധിജിയുടെ സ്വാധീനവലയത്തിലേക്ക് ആകർഷിക്കപ്പെട്ട ശേഷവും ഒരു ബുദ്ധിജീവിയുടെ എല്ലാ സവിശേഷതകളും വെച്ചുപുലർത്തി. 'രഘുപതി രാഘവ' പാടി, അർദ്ധസന്യാസികളായി നടന്നിരുന്ന പല ഗാന്ധിശിഷ്യരിൽനിന്ന് കൃപാലാനി എല്ലാ കാലത്തും ഒററപ്പെട്ടു നിന്നു. 'ഗാന്ധി' എന്നല്ലാതെ, മഹാത്മാ' എന്നോ 'ഗാന്ധിജി' എന്നു പോലുമോ തന്റെ നേതാവിനെപ്പററി അദ്ദേഹം പരാമർശിച്ചിരുന്നില്ല. ഗാന്ധിജി ആവിഷ്കരിച്ച പ്രചരിപ്പിച്ച

വാർദ്ധാ വിദ്യാഭ്യാസപദ്ധതിയെപ്പററി കൃപാലാനി എഴുതിയ പുസ്തകത്തിന്റെ പേരു് 'ഏററവും പുതിയ കമ്പം' (ദി ലേററസ്റ്റ് ഫാഡ്) എന്നാണു്. മുളച്ചുകയറുന്ന പരിഹാസവും മൂർച്ചയേറിയ ആർജവവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടേയും ലേഖനങ്ങളുടേയും സവിശേഷതയായിരുന്നു. ഹിപ്പികളുടെ യുഗത്തിനു് എത്രയോ ദശാബ്ദങ്ങൾ മുമ്പു് അദ്ദേഹം നീട്ടി വളർത്തിയ ഹിപ്പി മുടിയും, നീണ്ടു ചടച്ചു വളഞ്ഞ അദ്ദേഹത്തിന്റെ ശരീരവും, അതിൽ അയഞ്ഞു തൂങ്ങിക്കിടന്ന വെള്ള ജുബ്ബയും എല്ലാം കൂടി, കൃപാലാനിക്കു തികച്ചും വ്യത്യസ്തമായ ഒരു വ്യക്തിത്വം ഉളവാക്കി. പിന്നീടു് ഉത്തർപ്രദേശിൽ മുഖ്യമന്ത്രിയായിത്തീർന്ന തന്റെ പ്രശസ്തയായ പത്നി സുചേതയോടുപോലും പലപ്പോഴും അദ്ദേഹം പൊരുത്തപ്പെട്ടിരുന്നില്ലെന്നു തോന്നിയിരുന്നു.

കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ദീർഘകാലം പ്രവർത്തിച്ച കൃപാലാനി, ഗാന്ധിജിയുടെ കൈകളിൽ ശക്തിയേറിയ ഒരുപകരണമായി വർത്തിക്കുമാറു് ആ സംഘടനയെ രൂപപ്പെടുത്തുന്നതിൽ തന്റെ ഗണ്യമായ സംഭാവന നല്കി. ഗാന്ധിജി ഒഴികെയുള്ള കോൺഗ്രസ്സിലെ നേതാക്കളോടു വലിയ മതിപ്പൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ജവാഹർലാൽ നെഹ്റുവിനോടു മാത്രമല്ല, വല്ലഭായി പട്ടേലിനോടുപോലും പൊരുത്തപ്പെടാൻ അദ്ദേഹത്തിനു സാധിക്കാതെപോയി.

ഗാന്ധിജി ഇന്ത്യയുടെ രാഷ്ട്രീയരംഗത്തുനിന്നു നിഷ്ക്രമിച്ചതോടെ, അദ്ദേഹത്തിൽനിന്നു പ്രകാശമുൾക്കൊണ്ടു ജ്വലിച്ചിരുന്ന ഗ്രഹങ്ങളും ഉപഗ്രഹങ്ങളും തികച്ചും നിസ്തേജസ്സരായി. ഗാന്ധിജിയുടെ പ്രകാശത്തിൽ സ്വയം മങ്ങി മറഞ്ഞുപോയിരുന്നെങ്കിലും, സ്വന്തമായ പ്രകാശമുള്ള ഒരു നക്ഷത്രമാണു താനെന്നു് പിന്നീടു തെളിയിച്ചതു് ജവാഹർലാൽ നെഹ്റു മാത്രമായിരുന്നു. ആധുനികീകരണം എന്നോ പാശ്ചാത്യവല്ക്കരണം എന്നോ വിളിക്കാവുന്ന സാമൂഹ്യ—സാമ്പത്തിക പ്രക്രിയ നെഹ്റു ഇന്ത്യയിലാരംഭിച്ചപ്പോൾ, അതിനോടു സിദ്ധാന്തപരമായിത്തന്നെ എതിർപ്പുണ്ടായിരുന്ന ഗാന്ധിശിഷ്യന്മാർ, നെഹ്റുവിന്റെ പരിപാടിക്കു പകരം പ്രവർത്തനക്ഷമമായ ഒരു വികല്പം ആവിഷ്കരിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായതു്. സോഷ്യലിസത്തിന്റെ പേരിൽ നെഹ്റു ഇന്ത്യയിൽ നടപ്പാക്കുന്നതു് ലൈസൻസ് പെർമിററ്—കൺട്രോൾ—അഴിമതി ഭരണമാണെന്നു പ്രഖ്യാപിച്ചുകൊണ്ടു് രാജാജി സ്ഥാപിച്ച 'സ്വതന്ത്ര' പാർട്ടിയോ ഏററവും അടിയിലുള്ള ജനവിഭാഗങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നതിനെന്ന പേരിൽ കൃപാലാനിയും മററും ചേർന്നു രൂപവല്ക്കരിച്ച കിസാൻ മസ്ദൂർ പ്രജാ പാർട്ടിയോ, വിനോബാജിയുടെ സർവോദയ പ്രസ്ഥാനമോ, ജയപ്രകാശ് നാരായണന്റെ സമഗ്ര വിപ്ലവമോ, കൃപാലാനിയും ജയപ്രകാശ് നാരായണനും മററും നേതൃത്വം നല്കി പിന്നീടു തട്ടിപ്പടച്ച ജനതാപാർട്ടിയോ, ഒന്നും, ഇന്ത്യയിൽ പ്രവർത്തനക്ഷമമായ ഒരു വികല്പമായി അനുഭവപ്പെടുകയുണ്ടായില്ലല്ലോ.

കൃപാലാനിയുടെ നിര്യാണത്തോടെ, ഗാന്ധിയുഗത്തിന്റെ ശേഷിച്ച വക്താക്കളിൽ ഒരാൾകൂടി അപ്രത്യക്ഷനായിരിക്കുന്നു. വിനോബാജി* യെപ്പോലെ ഏതാനും ചിലർ മാത്രമേ ഇനി അക്കൂട്ടത്തിൽ അവശേഷിക്കുന്നുള്ളു. മററു പലതും പോലെ 'ഗാന്ധിസം' ഒരു 'കരിയർ' ആയി എടുത്തിട്ടുള്ള ചിലർ വേറെയുണ്ടെന്നുള്ളതു് വിസ്മരിക്കുന്നില്ല. പക്ഷേ, അവർക്കൊന്നും നമ്മുടെ സാമൂഹ്യജീവിതത്തിലോ ബുദ്ധിപരമായ ജീവിതത്തിലോ യാതൊരു പ്രസക്തിയുമില്ല.

നെഹ്റുവിന്റെ പാശ്ചാത്യവല്ക്കരണത്തിനു് സോഷ്യലിസത്തിന്റെ

* വിനോബാജി 1982 നവംബർ 15—നു് അന്തരിച്ചു.

അവ്യക്തമായൊരാവരണമുണ്ടായിരുന്നതു് പിന്നീട് പൂർണമായും നഷ്ടപ്പെട്ടു. ആരംഭകാലമുതലാളിത്തം അതിന്റെ എല്ലാ ആഭാസതകളോടും വഷളത്തങ്ങളോടുംകൂടി, ഇന്ത്യയിൽ അരങ്ങേറിയിരിക്കയാണ്. കള്ളനോട്ടടി, കള്ളച്ചാരായംവാററൽ, കരിഞ്ചന്ത മുതലായ ത്വരിതസമൃദ്ധധനാഗമമാർഗങ്ങൾ സർവാദരണീയങ്ങളായി മാറിയിരിക്കുന്നു. രാഷ്ട്രീയരംഗം അക്രമികളുടെയും റൗഡികളുടെയും കൈയിൽ അമർന്നിരിക്കുന്നു. അധികാരം നേടുന്നതിന്നു് ഉപകരിക്കുമെങ്കിൽ ജാതിവാദം, വർഗവാദം, മതവാദം, പ്രാദേശികവാദം, ഭാഷാവാദം മുതലായ ഒരു സങ്കുചിതവാദവും വർജ്യമല്ലെന്നു വന്നിരിക്കുന്നു. നമ്മുടെ ഇന്നത്തെ പാർലമെൻററി ജനാധിപത്യസമ്പ്രദായം ഈ പ്രത്യേക പരിതഃസ്ഥിതിയിലേക്കു് ഏററവും പററിയ രാഷ്ട്രീയവ്യവസ്ഥയാണെന്നും വ്യക്തമായിരിക്കുന്നു. ഗാന്ധിജി മാത്രമല്ല, ജവാഹർലാൽ നെഹ്റുവും എത്രയോ വിദൂരത്തിലുള്ള ഒരു മങ്ങിയ ഭൂതകാലത്തിലെ നേരിയ സ്മരണകൾ മാത്രമായി മാറിയിരിക്കുന്നു.

ഒരുകാലത്തു വിട്ടുവീഴ്ചയില്ലാത്ത ഒരു ഗാന്ധിയനായി അറിയപ്പെട്ടിരുന്ന ആചാര്യ കൃപാലാനി ഇന്നലെ സായാഹ്നത്തിൽ മാത്രമാണന്തരിച്ചതെന്നു്, ഇപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നുന്നു.

18 ഏപ്രിൽ, 1982

# 95. ആചാര്യ വിനോബാ ഭാവേ

നവംബർ 15-ാം തീയതി ആചാര്യ വിനോബാഭാവേ അന്തരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന്നു് എൺപത്തെട്ടു വയസ്സായിരുന്നു. പത്തു ദിവസം മുമ്പു് അദ്ദേഹത്തിനു ഹൃദ്രോഗബാധയുണ്ടായി. ബോംബെയിൽനിന്നു് വിദഗ്ദ്ധരായ ഡോക്ടർമാർ അദ്ദേഹത്തെ ചികിത്സിക്കാൻ വർദ്ധയിലൂടെ പൗനാർ എന്ന ഗ്രാമത്തിലുള്ള 'പരമധാമം' ആശ്രമത്തിലെത്തിച്ചേർന്നു. അവർ ഗ്ലൂക്കോസ് ഡ്രിപ്പ് കൊടുത്തപ്പോൾ വിനോബാജിയുടെ ശരീരം വിറയ്ക്കാൻ തുടങ്ങി. ജീവിതയാത്ര തുടരുന്നതിനു തന്റെ ശരീരം വിസമ്മതിക്കുകയാണെന്നു് വിനോബാ ഭാവേ കരുതി. അങ്ങനെയാണെങ്കിൽ, പിന്നെ ശരീരത്തെ എന്തിനു നിർബന്ധിക്കണം? കീറിപ്പറിഞ്ഞ വസ്ത്രത്തെ ശരീരം ഉപേക്ഷിക്കുംപോലെ ജരാജീർണമായ ശരീരത്തെ എന്തുകൊണ്ടു് തന്റെ ആത്മാവിന്നു് ഉപേക്ഷിച്ചുകൂടാ? ആത്മാവു് ഉണ്ടോ എന്നകാര്യത്തിൽ വിനോബാജിക്കു് ഒരു സംശയവുമില്ല. ആത്മാവു് സച്ചിദാനന്ദഘനമാണെന്നും അദ്ദേഹത്തിനറിയാം. ഈ ജീവിതംകൊണ്ടു് അദ്ദേഹത്തിന്നു് ഇനിയൊന്നും നേടേണ്ടതില്ല. എന്തുകൊണ്ടു് ശരീരത്തെ ഉപേക്ഷിച്ചു് പരമാത്മാവിൽ ലയിച്ചുകൂടാ?

ശരീരത്തെ സ്വേച്ഛയാ ത്യജിക്കാൻ ഉറച്ച വിനോബാജി ഔഷധം മാത്രമല്ല, അന്നവും ജലവുംകൂടി ഉപേക്ഷിച്ചു. ജൈനഭിക്ഷുക്കൾ, ജീവിച്ചു മതിയാവുമ്പോൾ ഇങ്ങനെ പ്രാണൻ ത്യജിക്കാറുണ്ടു്. ഇത്തരം മരണത്തെ അവർ 'സല്ലേഖനം' എന്നു വിളിക്കുന്നു. സനാതനധർമപ്രവർത്തകരായ മഹർഷിമാരും ഇങ്ങനെ സ്വച്ഛന്ദമൃത്യു വരിച്ചിരുന്നു. ഭക്ഷണമോ ജലപാനമോ കൂടാതെ മരണത്തെ സ്വാഗതം ചെയ്തു കിടക്കുന്ന ഈ കിടപ്പത്രേ 'പ്രായോപവേശം.' ഇങ്ങനെ 'പ്രായോപവേശം' അനുഷ്ഠിച്ചു മരിച്ച ചിലരെപ്പററി മഹാഭാരതം, രാമായണം മുതലായ ഇതിഹാസങ്ങളിൽ പ്രസ്താവമുണ്ടു്. ഗംഗ മുതലായ പുണ്യനദികളുടെ വക്കിൽ അപൂർവമായിട്ടെ